പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1455** **02.07. 2015**- ലെ മറുപടി

**പ്രവാസി രജിസ്ട്രേഷൻ നടപടിക്രമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി. എ. റഹീം | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)നോർക്ക മുഖേനയുള്ള പ്രവാസി രജിസ്ട്രേഷന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ;<br><br>ബി) രജിസ്റ്റർ ചെയ്യുവർക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | എ & ബി) കേരളത്തിനു പുറത്തും വിദേശരാജ്യങ്ങളിലും ജോലിചെയ്യുന്ന/താമസിക്കുന്ന പ്രവാസി മലയാളികളെ കുറിച്ച് കൃത്യമായ വിവരം ശേഖരിക്കുന്നതിനായി ഒരു ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നോർക്ക-റൂട്ട്സിന്റെ വെബ്സൈറ്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവാസിമലയാളികൾക്ക് സ്വമേധയാ ഈ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.<br><br>ഇതിനുപുറമേ, സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം(നിതാഖത്ത്) കർശനമാക്കിയ സാഹചര്യത്തിൽ തിരികെയെത്തിയവർക്കായി എല്ലാ എയർപ്പോർട്ടുകളിലും ഹെൽപ് ഡെസ്കുകൾ മുഖാന്തിരം രജിസ്റ്റർ ചെയ്യുവാൻ അവസരം ഒരുക്കിയിരുന്നു. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുവരുടെ വിവരശേഖരണം നടത്തി ബോധവൽക്കരണ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ